**മേലെഴുത്ത് നം.**C1/37795/23/ഡി.ടി.ഇ (I)29.02.2024

2024 മാർച്ചിൽ നടത്തുന്ന THSLC പരീക്ഷ നടത്തുമ്പോൾ പാലിക്കേണ്ട സമയക്രമം സംബന്ധിച്ച വിശദവിവരം, .ചോദ്യപേപ്പർ കൈകാര്യം ചെയ്യുന്ന രീതി, ചോദ്യപേപ്പർ കോഡ് പരിശോധിക്കുന്നത്, അബ്സെൻറീസ് സ്റ്റേറ്റ്മെൻറ് തയ്യാറാക്കുന്നത് സംബന്ധിച്ച നിബന്ധനകൾ എന്നിവ ,പരീക്ഷാ കമ്മിഷണറുടെ ഓഫീസിൽ നിന്നും അറിയിച്ചിരിക്കുന്നു ആയത് എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരുടെയും, ചീഫ് സൂപ്രണ്ട് / ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, സിറ്റർ ജോയിൻറ് ഡയറക്ടറുടെയും ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരുടെയും ടി.എച്ച്.എസ്.എൽ.സി പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും അറിവിലേക്കും തുടർ നടപടികൾക്കുമായി ഉള്ളടക്കം ചെയ്യുന്നു

ഡോ. രാമചന്ദ്രൻ എം

സീനിയർ ജോയിൻറ് ഡയറക്ടർ

പകർപ്പ്: 1) ജോയിൻറ് ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിങ് & റിസർച്ച്,

കളമശ്ശേരി

2) എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ മേധാവികൾക്കും

Approval Valid

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 29.02.2024
Reason: Approved

Draft #13 of File C1/37795/23/DTE Approved by Senior Joint Director (PS) on 29-Feb-2024 04:43 PM - Page 1

The document is digitally approved. Hence signature is not needed.

*നം.ഇ.എക്സ്.എ6/37000/2023/ സി.ജി.ഇ*

*പരീക്ഷാകമ്മീഷണറുടെ കാര്യാലയം,*
*പരീക്ഷാഭവൻ, പൂജപ്പുര,*
*തിരുവനന്തപുരം-12,*
*തീയതി: 27/02/2024.*

# <u>*സർക്കുലർ II*</u>

വിഷയം:- റ്റി.എച്ച്.എസ്.എൽ.സി പരീക്ഷ മാർച്ച്- 2024 - പരീക്ഷാ നടത്തിപ്പ് / ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയത്തിനായി അയയ്ക്കൽ - മാർഗ്ഗ നിർദ്ദേശങ്ങൾ- സംബന്ധിച്ച്

സൂചന:- 1) 16/10/2023 –ലെ നം.ഇ.എക്സ്.സി.ജി.എൽ(3)/44000/2023/സിജിഇ. പ്രകാരമുള്ള റ്റി.എച്ച്.എസ്.എൽ.സി. മാർച്ച് 2024 പരീക്ഷയുടെ വിജ്ഞാപനം.
2) 14.02.2024 തീയതിയിലെ ഇതേ നമ്പർ സർക്കുലർ

2024 മാർച്ച് 04 ന് ആരംഭിക്കുന്ന റ്റി.എച്ച്.എസ്.എൽ.സി.പരീക്ഷ കുറ്റമറ്റരീതിയിൽ നടത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ സൂചന (2) പ്രകരം നൽകിയിരുന്നു. ആയതിൽ Absentees Entry യുമായി ബന്ധപ്പെട്ട മാറ്റവും ചില പൊതുവായ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ എല്ലാ ചീഫ് സൂപ്രണ്ടുമാരും/ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരും കൃത്യമായി പാലിക്കേണ്ടതാണ്.

1) ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും പരീക്ഷാ ദിവസങ്ങളിൽ രാവിലെ എത്തിക്കുന്ന ചോദ്യപേപ്പറുകളും, പരീക്ഷാഭവനിൽ നിന്നും നേരിട്ട് എത്തിച്ച ചോദ്യപേപ്പറുകളും Cool off Time ആരംഭിക്കുന്നതിന് 15 മിനിട്ട് മുമ്പ് മാത്രമേ ചീഫ് സൂപ്രണ്ട് ഡെപ്യുട്ടി ചീഫ് സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ അലമാര തുറന്ന് ചോദ്യപേപ്പർ പുറത്തെ ടുക്കാവൂ. തുടർന്ന് ഓരോ പായ്ക്കറ്റും ക്രമപ്രകാരം അതതു റൂമുകളിൽ ചീഫ് സൂപ്രണ്ടും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടും കൂടി എത്തിക്കേണ്ടതാണ്. ഇതിനായി യാതൊരു കാരണവശാലും സ്കൂളിലെ മറ്റ് ജീവനക്കാരെ നിയോഗിക്കാൻ പാടില്ല. പരീക്ഷാഹാളിൽ ഇൻവിജിലേറ്റർമാർ പായ്ക്കറ്റുകൾ പരിശോധിച്ച് നേരത്തേ തുറന്നിട്ടില്ലായെന്നും കേടുപാടുകൾ സംഭവിച്ചിട്ടില്ലായെന്നും പരീക്ഷാർത്ഥികളെക്കുടി ബോദ്ധ്യപ്പെടുത്തിയതിനുശേഷം പായ്ക്കറ്റുകൾ തുറന്ന് ചോദ്യപേപ്പർ വിതരണം ചെയ്യേണ്ടതാണ്. ഇക്കാര്യം പായ്ക്കറ്റുകളിൽ രേഖപ്പെടുത്തി ഇൻവിജിലേറ്ററെ കൂടാതെ ഏതെങ്കിലും രണ്ടു പരീക്ഷാർത്ഥികൾ കൂടി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2) **<u>ചോദ്യപേപ്പർ കോഡ് നോക്കി അന്നേ ദിവസത്തെ പരീക്ഷയുടെ ചോദ്യപേപ്പർ പായ്ക്കറ്റുകളാണ് എന്നുറപ്പാക്കി മാത്രമേ അലമാരയിൽ നിന്ന് ചോദ്യപേപ്പറുകൾ പുറത്തെടുക്കാവൂ.</u>** ചോദ്യപേപ്പർ കോഡുകൾ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള ചോദ്യപേപ്പർ കോഡ് അടങ്ങിയ ടൈംടേബിൾ സ്റ്റേറ്റ്മെന്റുമായി ഒത്തുനോക്കി ചീഫ് സൂപ്രണ്ടും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടും ഉറപ്പു വരുത്തേണ്ടതാണ്.

Draft #13 of File C1/37795/23/DTE Approved by Senior Joint Director (PS) on 29-Feb-2024 04:43 PM - Page 2

3) **Absentees Statement (അതീവശ്രദ്ധ നൽകേണ്ടത്)**

ഓരോ ദിവസത്തേയും പരീക്ഷ തുടങ്ങി 1 മണിക്കൂറിനുശേഷം Absentees Entry ഓൺലൈനിൽ നടത്തേണ്ടതും ഓരോ ദിവസത്തേയും ഉത്തരക്കടലാസുകൾ ക്യാമ്പുകളിലേയ്ക്ക് അയക്കുന്നതോടൊപ്പം Absentees Statement ന്റെ ഒരു കോപ്പി പ്രത്യേകം കവറിലാക്കി ക്യാമ്പുകളിലേയ്ക്ക് അയക്കേണ്ടതുമാണ്. പരീക്ഷകൾ അവസാനിക്കുന്ന 2024 മാർച്ച് 26-ാം തീയതി എല്ലാ ദിവസത്തേയും Absentees Statement കൺസോളിഡേറ്റ് ചെയ്ത പ്രിന്റൗട്ട് ഡി.ഇ.ഒ. ഓഫീസുകളിൽ ഏൽപ്പിക്കേണ്ടതുമാണ്.

4) **SGC** വിഭാഗത്തിൽപ്പെട്ട പരീക്ഷാർത്ഥികൾ പുതിയ സിലബസിലും **PCO, CCC, ARC** വിഭാഗക്കാൽ പഴയ സിലബസിലുമാണ് പരീക്ഷ എഴുതുന്നത്. ആയതിനാൽ വ്യത്യസ്ഥ സിലബസിലുള്ള ഉത്തരക്കടലാസുകൾ പ്രത്യേകം സി.വി.കവറുകളിലാക്കി ബന്ധപ്പെട്ട മൂല്യനിർണ്ണയ ക്യാമ്പുകളിലേക്ക് അയക്കേണ്ടതാണ്. ഒരു വിഭാഗത്തിൽപ്പെട്ട ഉത്തരക്കടലാസ്സുകൾ പായ്ക്ക് ചെയ്ത സി.വി.കവറിൽ മറ്റു വിഭാഗങ്ങളുടെ ഉത്തരക്കടലാസ്സുകൾ യാതൊരു കാരണവശാലും ഉൾപ്പെടാൻ പാടില്ല. ഒരു വിഭാഗത്തിൽ 1(ഒരു)ഉത്തരക്കടലാസ്സ് മാത്രമെ ഉള്ളുവെങ്കിൽ പോലും ഇത് പ്രത്യേകം 1(ഒരു) സി.വി.കവറിൽ പായ്ക്ക് ചെയ്യേണ്ടതാണ്. ഏതു വിഭാഗങ്ങളിൽപെട്ട ഉത്തരക്കട ലാസുകളാണ് ഓരോ സി.വി കവറിലും പായ്ക്ക് ചെയ്തിട്ടുള്ളതെന്ന് ഓരോ സി.വി. കവറിന്റെയും പുറത്ത് ചുവന്ന സ്കെച്ച് പേനയിൽ രേഖപ്പെടുത്തേണ്ടതാണ്. (ഉദാ:- SGC, ARC, CCC)

5) റ്റി.എച്ച്.എസ്.എൽ.സി പരീക്ഷ എഴുതുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന (ഐ.ഇ.ഡി) വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സുകൾ കൈകാര്യം ചെയ്യുമ്പോൾ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ എല്ലാ ചീഫ് സൂപ്രണ്ടുമാരും/ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരും കൃത്യമായി പാലിക്കേണ്ടതാണ്.

പ്രത്യേക പരിഗണന അർഹിക്കുന്ന (ഐ.ഇ.ഡി) പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസ്സിന്റെ മുൻവശത്ത് മുകളിലായി പരീക്ഷാനുകൂല്യം അനുവദിച്ചു കൊണ്ടുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നമ്പരും തീയതിയും ചുവന്ന മഷിയിൽ രേഖപ്പെടുത്തേണ്ടതാണ്.

പരീക്ഷാർത്ഥിയ്ക്ക് ഏത് വിഭാഗത്തിലുള്ള (എം.ആർ/എച്ച്.ഐ/വി.ഐ/ ഐ.ഡി/ ഒ.എച്ച്/ എൽ.എം.ഡി/....) എന്ത് ആനുകൂല്യമാണ് (എക്സ്ട്രാ ടൈം/ഗ്രേസ് മാർക്ക്) അനുവദിച്ചിട്ടുള്ളത് എന്ന വിവരങ്ങളും ചുവന്ന മഷിയിൽ തന്നെ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ഇത്തരത്തിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ ഉണ്ടാകുന്ന പിഴവുകൾ കാരണം പരീക്ഷാർത്ഥിയ്ക്ക് അർഹമായ ആനുകൂല്യം ലഭിയ്ക്കാതെ

Draft #13 of File C1/37795/23/DTE Approved by Senior Joint Director (PS) on 29-Feb-2024 04:43 PM - Page 3

വന്നാൽ ആയത് ചീഫ് സൂപ്രണ്ട്/ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവരുടെ ഗുരുതര മായ വീഴ്ചയായി കണക്കാക്കി വകുപ്പുതല നടപടികൾ സ്വീകരിയ്ക്കുന്നതാണ്.

6) മലയാളം, ഫിസിക്സ്, കെമസ്ട്രി, ജനറൽ എഞ്ചിനീയറിംഗ് II, ട്രേഡ് തീയറി പേപ്പറുകൾ, കമ്പ്യൂട്ടർ സയൻസ് & ഐ.റ്റി., ഇലക്ട്രിക്കൽ ടെക്നോളജി II, ബയോളജി, ഇലക്ട്രോണിക്സ് II, എന്നീ വിഷയങ്ങളുടെ ഉത്തരക്കടലാസ്സുകൾ 18 വീതവും ഇംഗ്ളീഷ്, സോഷ്യൽ സയൻസ്, കണക്ക്, എഞ്ചിനീയറിംഗ് ഡ്രോയിംഗ് III എന്നീ വിഷയങ്ങളുടെ ഉത്തരക്കടലാസ്സുകൾ 12 വീതവും, ഓരോ C.V. കവറിലും പായ്ക്ക് ചെയ്യേണ്ടതാണ്.

7) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ ടെക്നിക്കൽ സ്കൂളിലെ ഉത്തരക്കടലാസുകൾ നോർത്ത് സോണിലെ മൂല്യനിർണ്ണയ ക്യാമ്പിലേയ്ക്കാണ് അയയ്ക്കേണ്ടതാണ്.

**<u>നോർത്ത് സോൺ</u>**

| | |
|---|---|
| **മൂല്യനിർണ്ണയ ക്യാമ്പ്** | **: ഗവൺമെന്റ് ഗണപത് മോഡൽ ഗേൾസ് എച്ച്.എസ്.എസ്. ചാലപ്പുറം, കോഴിക്കോട് – 673 002.** |
| **ക്യാമ്പ് ആഫീസർ** | **: ശ്രീമതി. ഉമ്മുക്കുലുസു കെ ടി ഗവൺമെന്റ് മോഡൽ ഗണപത് ഗേൾസ് എച്ച്.എസ്.എസ്. ചാലപ്പുറം, കോഴിക്കോട് –673002. (ഫോൺ:9497471205)** |
| **ഡെപ്യൂട്ടി ക്യാമ്പ് ആഫീസർ** | **: ശ്രീ. ഷാഹുൽ ഹമീദ്.പി.പി,എച്ച്.എസ്.റ്റി ഗവൺമെന്റ് മോഡൽ ഗണപത് ഗേൾസ് എച്ച്.എസ്.എസ്. ചാലപ്പുറം, കോഴിക്കോട് –673002. (ഫോൺ:9847811129)** |

8) തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ടെക്നിക്കൽ സ്കൂളിലെ ഉത്തരക്കടലാസുകൾ / ഐ.എച്ച്.ആർ.ഡി. യുടെ കീഴിൽ വരുന്ന റ്റി.എച്ച്.എസ്.എൽ.സി. ഉത്തരക്കടലാസുകൾ എന്നിവ സൗത്ത് സോണിലെ മൂല്യനിർണ്ണയ ക്യാമ്പിലേയ്ക്കാണ് അയയ്ക്കേണ്ടതാണ്.

Draft #13 of File C1/37795/23/DTE Approved by Senior Joint Director (PS) on 29-Feb-2024 04:43 PM - Page 4

**<u>സൗത്ത് സോൺ</u>**

| | |
|---|---|
| **മൂല്യനിർണ്ണയ ക്യാമ്പ്** | **: പരീക്ഷാഭവൻ, പൂജപ്പുര,<br>തിരുവനന്തപുരം-695012** |
| **ക്യാമ്പ് ആഫീസർ** | **: സന്തോഷ് കുമാർ എസ്,<br>സെക്രട്ടറി,<br>പരീക്ഷാഭവൻ,പൂജപ്പുര,<br>തിരുവനന്തപുരം - 695 012.<br>ഫോൺ നം: 9846711809.** |

**ജോയിൻ കമ്മീഷണർ**

To

1) എല്ലാ ചീഫ് സൂപ്രണ്ടുമാർക്കും.
2) എല്ലാ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാർക്കും.

പകർപ്പ്:-

1. വിദ്യാഭ്യാസ ഉപഡയറക്ടർമാർ
2. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ.

Draft #13 of File C1/37795/23/DTE Approved by Senior Joint Director (PS) on 29-Feb-2024 04:43 PM - Page 5

## *THSLC EXAMINATION MARCH 2024*

# Time Table with Question code

| Sl. No | Subject | Version | Code No. | Date,Day & Time |
|---|---|---|---|---|
| 1 | Malayalam | | THS1901 | 04/03/2024, Monday<br>09.30 am to 11.15 am |
| 2 | Kannada | | THS1903 | 04/03/2024, Monday<br>09.30 am to 11.15 am |
| 3 | English | English | THS1922 | 06/03/2024, Wednesday<br>09.30 am to 12.15 pm |
| 4 | Mathematics | English | THS1931 | 11/03/2024, Monday<br>09.30 am to 12.15 pm |
| 5 | Physics | English | THS1935 | 15/03/2024, Friday<br>09.30 am to 11.15 am |
| 6 | General Engineering II | English | THS1942 | 18/03/2024, Monday<br>09.30 am to 11.15 am |
| 7 | Chemistry | English | THS1939 | 20/03/2024, Wednesday<br>09.30 am to 11.15 am |
| 8 | Social Science | English | THS1919 | 25/03/2024, Monday<br>09.30 am to 12.15 pm |
| 9 | Engineering Drawing III | English | THS1943 | 26/03/2024, Tuesday<br>09.30 am to 12.45 pm |
| | ***( Trade Theory)*** | | | |
| 10 | Fitting | English | THS1944 | 13/03/2024, Wednesday<br>09.30 am to 11.15 am |
| 11 | Welding | English | THS1945 | 13/03/2024, Wednesday<br>09.30 am to 11.15 am |
| 12 | Turning | English | THS1946 | 13/03/2024, Wednesday<br>09.30 am to 11.15 am |
| 13 | Electrical Wiring and Maintenance of Domestic Appliances | English | THS1947 | 13/03/2024, Wednesday<br>09.30 am to 11.15 am |
| 14 | Maintenance of Two and Three Wheeler | English | THS1948 | 13/03/2024, Wednesday<br>09.30 am to 11.15 am |
| 15 | Electroplating | English | THS1949 | 13/03/2024, Wednesday<br>09.30 am to 11.15 am |
| 16 | Electronics | English | THS1950 | 13/03/2024, Wednesday<br>09.30 am to 11.15 am |
| 17 | Surveying | English | THS1951 | 13/03/2024, Wednesday<br>09.30 am to 11.15 am |

Draft #13 of File C1/37795/23/DTE Approved by Senior Joint Director (PS) on 29-Feb-2024 04:43 PM - Page 6

| Sl. No | Subject | Version | Code No. | Date , Day & Time |
|---|---|---|---|---|
| 18 | Rubber Technology | English | THS1952 | 13/03/2024, Wednesday 09.30 am to 11.15 am |
| 19 | Printing | English | THS1953 | 13/03/2024, Wednesday 09.30 am to 11.15 am |
| 20 | Motor Mechanic (Auto Mobile) | English | THS1954 | 13/03/2024, Wednesday 09.30 am to 11.15 am |
| 21 | Refrigeration and Air Conditioning | English | THS1955 | 13/03/2024, Wednesday 09.30 am to 11.15 am |
| 22 | Plumbing | English | THS1956 | 13/03/2024, Wednesday 09.30 am to 11.15 am |
| 23 | Masonry and Concrete Work | English | THS1957 | 13/03/2024, Wednesday 09.30 am to 11.15 am |
| 24 | Agriculture | English | THS1958 | 13/03/2024, Wednesday 09.30 am to 11.15 am |
| | ***(IHRD Subjects)*** | | | |
| 25 | Electrical Technology | English | THS1959 | 18/03/2024, Monday 09.30 am to 11.45 am |
| 26 | Biology | English | THS1927 | 22/03/2024, Friday 09.30 am to 11.15 am |
| 27 | Electronics (Trade Theory) | English | THS1961 | 13/03/2024, Wednesday 09.30 am to 11.45 am |
| 28 | Computer Science & IT | English | THS1960 | 26/03/2024, Tuesday 09.30 am to 11.45 am |
| **IT Practical Examination from 01/02/2024,Thursday to 14/02/2024,Wednesday** | | | | |

**SECRETARY**

Draft #13 of File C1/37795/23/DTE Approved by Senior Joint Director (PS) on 29-Feb-2024 04:43 PM - Page 7